# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

2015-16


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. - ഡബ്ല്യൂ.വൈ.ഡി/പി.2/864/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ : dowyd.ksad@kerala.gov.in

ഫോൺ: 04936 203672

തീയതി : 22.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ. – ഡബ്ല്യൂ.വൈ.ഡി/പി.2/864/16

തിയ്യതി: 22.12.2016

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 27.06.2016 മുതൽ 15.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണത്തിൻെറയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിൻേറ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31/10/2016 മുതൽ 7/11/2016 വരെ |

| പേര് | ഉദ്യോഗപ്പേര് |
|---|---|
| അഗസ്റ്റ്യൻ.ഒ.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ഡേവിഡ്.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| സമീർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| മനോഹരൻ.കെ.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.നസീമ.കെ.ബി, കുറ്റിക്കാട്ടിൽ ഹൗസ്, പടിഞ്ഞാറത്തറ.പി.ഒ | 01/04/2015 മുതൽ 31/10/2015 വരെ |
| | ശ്രീ.പി.ജി.സജേഷ്, പുതിയ വീട്ടിൽ ഹൗസ്, മുണ്ടക്കുറ്റി.പി.ഒ. | 19/11/2015 മുതൽ 31/03/2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ഷീൻ തോമസ്, സെക്രട്ടറി ഇൻ ചാർജ്ജ്, ഉണ്ടിയിൽ ഹൗസ്, പരിയാരം കുന്ന്, മാനന്തവാടി. പി.ഒ | 01/04/2015 മുതൽ 3/08/2015വരെ |
| | ശ്രീ. അനിൽ രാമകൃഷ്ണൻ, മണാലി ഹൗസ്, വെള്ളൂന്നി, കേളകം | 04/08/2015 മുതൽ 31/03/2016 വരെ |

സി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | മേൽവിലാസം | കാലയളവ് |
|---|---|---|---|
| ശാന്തമ്മ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, | ദേവപ്രഭ, മടക്കിമല, പി.ഒ.ആനേരി | 20/11/2015 മുതൽ 31/03/2016 |
| ഡോ. എൻ.സുരേഷ് കുമാർ | മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്,<br>പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | ഇന്ദിര ഹൗസ്, ജി.കെ.എം.എച്ച്.എസ് റോഡ്, കണിയാരം, മാനന്തവാടി | 01/04/2015 മുതൽ 31/03/2016 |
| സബിത.എച്ച.ബി | ഹെഡ് മാസ്റ്റർ (റിട്ടയേർഡ്) ജി.എൽ.പി.എസ്. പടിഞ്ഞാറത്തറ | തേനമംഗലം വീട്, പടിഞ്ഞാറത്തറ. പി.ഒ | 01/04/2015 മുതൽ 31/03/2016 |
| സായൂജ്.വി | കൃഷി ഓഫീസർ,<br>പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | അഞ്ചസ് ഹൗസ്, കൊട്ടാരക്കുന്ന്.പി.ഒ, വെള്ളമുണ്ട | 01/04/2015 മുതൽ 31/03/2016 |
| ഷീൻ തോമസ് | സെക്രട്ടറി-ഇൻ - ചാർജ്,<br>പടിഞ്ഞാറത്തറ<br>ഗ്രാമപഞ്ചായത്ത് | | 01/04/2015 മുതൽ 3/08/2015 |

| | | | |
|---|---|---|---|
| | | | |
| അനിൽ രാമകൃഷ്ണൻ | സെക്രട്ടറി,<br>പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | | 4/08/2015 മുതൽ 31/03/2016 |
| ഡോ.ജയകൃഷ്ണൻ.എം.കെ, | സീനിയർ വെറ്ററിനറി സർജൻ | നമ്പർ.ജി2, കെ.വി.റോഡ്, കൽപ്പറ്റ, 673121 | 01/04/2015 മുതൽ 31/03/2016 |
| മുനവ്വർ.കെ | അസി.എഞ്ചിനീയർ | നസ്ല മൻസിൽ, കാപ്പൻകൊല്ലി, മേപ്പാടി | 01/04/2015 മുതൽ 31/03/2016 |
| ഡോ.ഹസീന കരീം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,<br>പടിഞ്ഞാറത്തറ | ജന്നത്ത് ഹൗസ്, കൽപ്പറ്റ.പി.ഒ | 01/04/2015 മുതൽ 31/03/2016 |
| പ്രിൻസ്.ടി.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | തൊട്ടിയിൽ ഹൗസ്, ചെന്ദലോട്.പി.ഒ, കാവ | 01/04/2015 മുതൽ 31/03/2016 |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| ഭാഗം-II | | |
| 11 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 2(1) |
| 12 | ഡി &ഒ ലൈസസ് ഫീ സംബന്ധിച്ച് | 2(2) |
| 13 | കെട്ടിട നിർമ്മാണ അനുമതി - അപാകങ്ങൾ | 2(3) |
| 14 | സാംഖ്യ രശീതികളുടെ സൂക്ഷിപ്പ് - അപാകങ്ങൾ | 2-4 |
| ഭാഗം-III | | |
| 15 | ഗ്രാമ പഞ്ചായത്ത് മിനുട്സ് ആധികാരികമാക്കി സൂക്ഷിക്കാത്തത് | 3(1) |

| | | |
|---|---|---|
| | | |
| 16 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് | 3(2) |
| 17 | അസി.എഞ്ചിനീയർ നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പദ്ധതികളിലെ അപാകങ്ങൾ | 3(3) |
| 18 | തൊഴിലാളി ക്ഷേമവിഹിതം – കൈപ്പറ്റ് വിവരം ലഭ്യമല്ല | 3(4) |
| 19 | എസ്.എസ്.എ.വിഹിതം വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | 3(5) |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3(6) |
| 21 | ചെലവഴിക്കാത്ത തുക ഹെഡ്മാസ്റ്റർ തിരിച്ചടച്ചില്ല | 3(7) |
| 22 | എസ്.ടി.വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം – വകയിരുത്തിയതിനേക്കാൾ തുക തിരിച്ചടച്ചു | 3(8) |
| 23 | ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങലുകൾ സംബന്ധിച്ച് | 3(9) |
| 24 | വെറ്ററിനറി സർജ്ജന്റെ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് | 3(10) |
| 25 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്റ്റോക്ക് രജിസ്റ്റര് യഥാവിധിസൂക്ഷിച്ചിട്ടില്ല | 3(11) |

| | | |
|---|---|---|
| | ഭാഗം-IV | |
| 26 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 31 | ഓഡിറ്റ് റിക്കവറി | 4(6) |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 33 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 25(1)/15, 30-0-3.2015 | - |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | |

# ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സരട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച്

2015-16 വാർഷിക കണക്കുൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമ പഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല ബാങ്ക് അക്കൗണ്ടുകളും ഏതാവശ്യ-

   ത്തിനാണ് ഉപയോഗിക്കുന്നത് എന്നത് വ്യക്തമല്ല.

2. VPF ട്രഷറി എന്ന അക്കൗണ്ടിൽ 17081 രൂപ മുൻബാക്കിയായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിരിക്കുന്നു.

3. ഗ്രാമ പഞ്ചായത്ത് സാമ്പത്തിക ഇടപാടുകൾ നടത്തുന്ന വൈത്തിരി സബ് ട്രഷറി ബാങ്കിംഗ് ട്രഷറി ആയിരിക്കെ Canara Bank A/c No.16176 Plan Fund Account ആയി തുടരുകയും വലിയ തുക മുൻബാക്കിയായും നീക്കിയിരിപ്പായും ഈ അക്കൗണ്ടിൽ ഉള്ളത് വിശദീകരിക്കണം.

4. വിവിധ നികുതി, നികുതി ഇതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വാടക വരവ് വാർഷിക കണക്ക് പ്രകാരം 701442/- രൂപയും രജിസ്റ്റർ പ്രകാരം 706596/- രൂപയുമാണ്

6. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.

7. വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശികയിനത്തിൽ 24552/- രൂപ പിരിച്ചെടു

   ത്തിട്ടുണ്ട്. എന്നാൽ വാടക കുടിശ്ശിക ട്രയൽ ബാലൻസ് പ്രകാരം 5484/- രൂപയാണ്.

8. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

9. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് , വാർഷിക കണക്ക് (രശീത് & പേമെൻറ് അക്കൗണ്ട് RP 31) പ്രകാരം 503048 രൂപയും MNREGA ക്യാഷ് ബുക്ക് പ്രകാരം 501332രൂപയുമാണ്. പലിശ വരവ് വാർഷിക കണക്കിലെ MNREGA വരവായും പലിശ വരവിനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
10. പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് - വാർഷിക കണക്കിലെ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല
11. ബസ് സ്റ്റാന്റ് വരവ് - വാർഷിക കണക്കിലെ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
12. രശീത് & പേമെൻറ് അക്കൗണ്ട് RP 31 വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
13. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
14. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
15. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്യർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
16. ഇ.എം.എസ് ഭവന പദ്ധതി ധനസഹായം നൽകിയ ഒരു ഗുണഭോക്താവ് തിരിച്ചടച്ച തുകയായ 116550 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ഇത് സർക്കാറിലേക്ക് തിരിച്ചടച്ചിട്ടില്ല.
17. 2014-15 വർഷത്തിലെ വാർഷിക കണക്ക് പ്രകാരം ആകെ കുടിശ്ശികയുള്ള (545479 രൂപ) തുകയേക്കാൾ കൂടുതൽ തുക ( 836226 രൂപ)കുടിശ്ശിക തുക ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.
18. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
19. MNREGS, EFMI വഴി നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
20. ICDS, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി,തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
21. അക്രൂവൽ അടിസ്ഥാനത്തിൽ 4-ൽ തുടങ്ങുന്ന ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തേണ്ട പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് 1-ൽ തുടങ്ങുന്ന ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.
22. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C , വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
23. ജി.ഒ.(പി)419/15/ഫിൻ/19/09/2015 പ്രകാരമുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
24. വയനാട് ജില്ലാ പഞ്ചായത്ത് 2014-15 വർഷത്തിൽ പ്രഭാത ഭക്ഷണത്തിന് നൽകിയ 211260 രൂപ (ചെക്ക് / ഡി.ഡി നം 883965780 തീയതി 31/3/2015 ) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം കൈപ്പറ്റുകയും ആയത് തനത് ഫണ്ട് അക്കൗണ്ടിൽ ഓഡിറ്റ് വർഷം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ തൻവർഷം പ്രഭാത ഭക്ഷണം വിതരണത്തിന് സംയുക്ത പ്രൊജക്ട് ഇല്ല. തുക കൈപ്പറ്റിയത് ഏത് സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കിയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. മേൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണം. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ചെക്ക്/ഡി.ഡി നമ്പർ 396639തീയതി 2/1/2016 പ്രകാരവും പ്രഭാത ഭക്ഷണത്തിന് 197820 രൂപ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ലഭിച്ചിട്ടുണ്ട്. മേൽ തുക വാർഷിക കണക്കിൽ ഈ ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

25. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2166649050 |
| വരവ് | 84033750 |
| ആകെ | 105700240.50 |
| ചെലവ് | 96214847 |
| നീക്കിബാക്കി | 9485393 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2330836 | 12026981 | 14357817 | 11020972 | 1747001 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 1012192 | 3023000 | 4035192 | 2769693 | -412192 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 2156517 | 6280000 | 8436517 | 6673446 | -488307 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1811727 | 12246000 | 14057727 | 12542006 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 840178 | 3247000 | 4087178 | 3148442 | | 0 |
| ധനകാര്യ കമ്മീഷൻ | 1305685 | 4920748 | 6226433 | 5522602 | -1747001 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| ലോക ബാങ്ക് സഹായം | 3508779 | - | 3508779 | 2843370 | -3478779 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 271 | 191 | 47 | 33 | 70 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 195 | 54 | 43775931 | 31619472 | 72.23 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 3162222 | 2363073 | 79.87 |
| കൃഷി ഓഫീസർ | 3 | 3 | 685000 | 685000 | 100 |
| മെഡിക്കൽ ഓഫിസർ, ആയുർവ്വേദം | 3 | 3 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫിസർ, ഹോമിയോപ്പതി | - | - | - | - | - |
| മെഡിക്കൽ ഓഫിസർ, | 5 | 5 | 627330 | 627330 | 100 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി. | | | | | |
| വി.ഇ.ഒ | 4 | 3 | 20820000 | 12891000 | 61.1 |
| വെറ്ററിനറി സർജൻ | 4 | 4 | 1680000 | 1055000 | ? |
| സെക്രട്ടറി | 36 | 28 | 12952385 | 10346145 | 79.87 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി. സ്കൂൾ | 7 | 7 | 1600000 | 1582970 | 98.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 4 | 1229967 | 544710 | 47.5 |
| Total | | | | | |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3742997 | 3711165 | 31832 | -1% |
| നികുതിയേതര വരവുകൾ | 756056 | 970184 | 214128 | + 28% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 782878 | 403618 | 379260 | -48% |
| ആകെ | 5281931 | 5084517 | 197414 | -4% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി | 44 | 28 | | ലഭിച്ച അപേക്ഷകൾ |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ | | | | അപൂർണ്ണമായതിനാൽ കൃത്യ സമയത്ത് തീരുമാനമെടുക്കാൻ സാധിക്കാറില്ല. |
| 2 | തൊഴിൽ രഹിത വേതനം | 74 | 66 | 8 | |
| 3 | വിധവാ പെൻഷൻ | 76 | 39 | 1 | |
| 4 | വികലാംഗ പെൻഷൻ | 5 | 5 | | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 3 | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 174 | 126 | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3/11/2016ന് 2.50 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ഡേ ബുക്ക് പ്രകാരം 17988 രൂപ വരവ് ഉണ്ടെങ്കിലും ക്യാഷ് കൗണ്ടർ ബാലൻസ് ആയി 12995 രൂപ നീക്കിയിരിപ്പുണ്ടായിരുന്നുള്ളൂ. 4993 രൂപ വ്യത്യാസമുള്ളത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തനിക്ക് പെട്ടെന്ന് ശാരിരിക അസ്വസ്ഥത ഉണ്ടായതിനാൽ വീട്ടിൽ പോകേണ്ടി വരുകയും തന്റെ ശമ്പളം അന്ന് ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകയിൽ നിന്നും തിരികെ നൽകാൻ ജീവനക്കാരെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താത്കാലികമായി ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ നിന്നും വാങ്ങിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ തുക അന്നേ ദിവസം തന്നെ തന്റെ ശമ്പളത്തിൽ നിന്നും എടുത്ത് കളക്ഷനോടൊപ്പം ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതായും അറിയിച്ചു. ഇത്തരം ഗുരുതരമായ വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22/4/2016 | 1/2016 മുതൽ 3/2016 വരെ | ലഭ്യമല്ല | |
| 2 | അക്കൗണ്ടൻറ് | | ലഭ്യമല്ല | | |

| | | | | | |
|---|---|---|---|---|---|
| | ജനറലിന്റെ ഓഡിറ്റ് | | | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

2015-16 വർഷത്തെ വസ്തു നികുതി രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബിയുടെ സംക്ഷിപ്തവും ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി അരിയർ കുടിശ്ശിക 1052071 ആണ് . എന്നാൽ 2015-16 വർഷത്തെ വസ്തു നികുതി ഡിമാൻറ് 2331278 ആണ്. വ്യത്യാസം 1279207 . വസ്തു നികുതി ഇനത്തിൽ ഇത്രയും വ്യത്യാസം ഉണ്ടായതിന് പ്രധാനപ്പെട്ട കാരണം രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയും കാര്യക്ഷമമില്ലായ്മയുമാണ്. രജിസ്റ്റർ എഴുതി സൂക്ഷിക്കണം .

## 2-2 ഡി &ഒ ലൈസൻസ് ഫീ സംബന്ധിച്ച്

ചട്ടം പാലിക്കാതെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കുന്നു

2015-16 വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയത് പരിശോധിച്ചപ്പോൾ തഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട് 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പട്ടിക11പ്രകാരം ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കണമെന്നിരിക്കെ അപേക്ഷയിലോ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലോ വിറ്റുവരവ് കാണിക്കാതെയും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ലാതെയും ലൈസൻസ് ഫീ ഈടാക്കുകയും ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ നല്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം/കെട്ടിട നം. | ഈടാക്കിയ തുക/ രശീതി നം | വാർഡ് നം | റിമാർക്സ് |
|---|---|---|---|---|---|
| 1. | നാസർ എം | തുണിക്കച്ചവടം 8/464 | 100 രൂപ 1150310927//222.9.2015 | 8 | വിറ്റ് വരവ് ഇല്ല. |
| 2. | അബ്ദുൾ ഷുക്കൂർ എ.പി .എം. | പല ചരക്ക് കച്ചവടം 14/498-499 | 200 രൂപ. 11503102907 6.1.16 | 14 | വിറ്റ് വരവ് ഇല്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല. |
| 3. | പി . മമ്മുട്ടി. | തുണിക്കച്ചവടം 14/508 | 100 രൂപ.11503104717/ 30.3.16 | 14 | വിറ്റ് വരവ് ഇല്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് ഇല്ല. |
| 4. | അയൂബ് പി.പി | അലൂമിനിയം<br>പാത്രക്കച്ചവടം114./490-491 | 100.രൂപ<br>11503101998/30.9.2015. | 14 | വിറ്റ് വരവ് ഇല്ല.<br>അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല. |

മുകളിൽ കൊടുത്തത് ചില ഉദാഹരണങ്ങൾ മാത്രമാണ്. വിറ്റ് വരവ് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ഇല്ലാതെ ലൈസൻസ് ഫീ ഈടാക്കിയതും, ലൈസൻസ് നൽകിയതും ഒഴിവാക്കേണ്ടതാണ് .

## 2-3 കെട്ടിട നിർമ്മാണ അനുമതി - അപാകങ്ങൾ.

ബിൽഡിംഗ് പെർമ്മിറ്റ് നൽകുന്നത് - ചട്ടം പാലിക്കുന്നില്ല

2015-16 ബിൽഡിംഗ് പെർമിറ്റ് നൽകിയ റിസോർട്ടുകൾ എത്രയെണ്ണം ഉണ്ട് എന്നും , ഇവയിൽ ലൈസൻസ് നൽകിയവ എത്രയെണ്ണം ഉണ്ടുവെന്നും, ഇല്ലാത്തവ എത്രയെണ്ണം ഉണ്ട് എന്നും അപേക്ഷിച്ചിട്ടും ലൈസൻസ് നൽകാൻ ബാക്കിയുള്ളവ എത്രയെണ്ണം ഉണ്ടെന്നും 31-10-16 ന് ഓഡിറ്റ് എൻക്വയറി നമ്പർ 2 പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയെങ്കിലും തൃപ്തികരമായ മറുപടി ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഹോം സ്റ്റേ ഇനത്തിൽ ലൈസൻസ് പേര്, കെട്ടിട നമ്പർ, എന്നിവയില്ലാത്ത 9 ഹോം സ്റ്റേകൾ ഉള്ളതായി ഓഡിറ്റിന് മറുപടി ലഭിച്ചിട്ടുണ്ട്. കൂടാതെ റിസോർട്ട് ഫാം ഹൌസ് എന്നി ഇനത്തിൽ ലൈസൻസോ, കെട്ടിട നമ്പറോ ഇല്ലാത്ത ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്. കെട്ടിട നമ്പറില്ലാത്ത എന്നാൽ ലൈസൻസുള്ളതുമായ 2 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഉള്ള 3 സ്ഥാപനങ്ങൾ മാത്രമെ റിസോർട്ടുകളായി പ്രവർത്തിക്കുന്നുള്ളുവെന്ന മറുപടിയും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് മുകളിലത്തെ മറുപടിയിൽ നിന്നും വ്യക്തമാണ്. അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് കാരണം പെർമിറ്റ് ഫീ,വസ്തു നികുതി, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാവാനിടയുണ്ട്. പഞ്ചായത്ത് ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 സാംഖ്യ രശീതികളുടെ സൂക്ഷിപ്പ് - അപാകങ്ങൾ

സാഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ-അപൂർണ്ണം

സാഖ്യ രശീതി സ്റ്റോക്ക് പരിശോധിച്ചപ്പോൾ ലഭിച്ച രശീതികൾ ഇഷ്യു വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആർക്ക് എപ്പോൾ നല്കിയെന്ന് മനസ്സിലാക്കാനാവുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. ഇത് സംബന്ധിച്ച് 01-11-16 ന് ഓഡിറ്റ് എൻക്വയറി നം 3 നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. ഭാവിയിൽ സ്റ്റോക്കിലെടുക്കുകയും ഉപയോഗത്തിനായി ഇഷ്യൂ ചെയ്യുകയും കുറ്റമറ്റ രീതിയിൽ നടത്താമെന്ന മറുപടിയാണ് ലഭിച്ചത്.

| ക്രമ നം. | സ്റ്റേഷനറി സീരിയൽ നം | എണ്ണം | ചെലവഴിച്ച തുക | സ്റ്റോക്കിലടുത്ത തിയ്യതി |
|---|---|---|---|---|
| 1 | 96498-98012 | 1514 | 1739 രൂപ 07-08-12, 29-10-12 | 07-08-12 |
| 2 | 1986001 – 1989000 | 3000 | | 29-10-12 |
| 3 | 90000-903000 | 3000 | 1155 രൂപ 11-02-13 | 11-02-13 |
| 4 | 3996001 – 3999000 | 3000 | 1155 രൂപ 21-05-13 | 21-05-13 |
| 5 | 6873001 – 6876000 | 3000 | 1170 രൂപ 15-10-13 | 15-10-13 |
| 6 | 8838001 – 8841000 | 3000 | 1170 രൂപ 09-01-14 | 09-01-14 |
| 7 | 588001 – 591000 | 3000 | 1170 രൂപ 21- 03-14 | 21- 03-14 |
| 8 | 651001 – 654000 | 3000 | 1170 രൂപ 26-06-16 | 26-06-16 |
| 9 | 738001 – 742000 | 4000 | 1560 രൂപ 13-10-14 | 13-10-14 |
| 10 | 750001 – 753000 | 3000 | 1170 രൂപ 09-01-15 | 09-01-15 |
| 11 | 834001 – 837000 | 3000 | 1170 രൂപ 11-02-15 | 11-02-15 |
| 12 | 4584001മുതൽ 4587000 വരെ | 3000 | 1170രൂപ .10.4.2015 | 10.4.2015 |
| 13 | 7560001 മുതൽ 7569000 വരെ | 9000 | 3510 രൂപ 22.9.2016 | 22.9.2016 |
| | ആകെ | 44514 | | |

സി. മുകളിൽ ചേർത്ത ആകെ 44514 രശീതുകൾ കോളം നമ്പർ 5 ൽ കൊടുത്ത തിയ്യതികളിൽ സ്റ്റോക്കിലടുത്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്കിന്റെ ഭൗതിക പരിശോധനാ എന്നിവ നടത്തിയപ്പോൾ രശീതുകൾ 4265 എണ്ണം മാത്രമെ സ്റ്റോക്കിൽ ഉള്ളു ബാക്കി 40249 എണ്ണം എപ്രകാരം

വിനിയോഗിച്ചവെന്നതിന് കണക്കില്ല.കൂടാതെ ഫ്രണ്ട് ഓഫീസിൽ കൈപ്പറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല ഫ്രന്റ് ഓഫിസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

രശീതുകൾ പണത്തിന് തുല്യമായ രേഖയായതിനാൽ രശീതുകളുടെ സൂക്ഷിപ്പും കൈമാറ്റവും കാര്യക്ഷമമായി നിർവ്വഹിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി പഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടില്ല എന്നുറപ്പാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് പുസ്തകം യഥാസമയം ആധികാരികമാക്കി സൂക്ഷിക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ മിനുട്സ് പുസ്തകം പരിശോധിച്ചതിൽ മിക്ക സന്ദർഭങ്ങളിലും യോഗാവസാനമോ തീരുമാനങ്ങൾക്ക് ശേഷമോ അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനുട്സ് പുസ്തകം ആധികാരികമാക്കിയിയിരുന്നില്ല. യോഗതിയ്യതിയിൽ തന്നെ തീരുമാനങ്ങളുടെ ഡ്രഫ്റ്റ് കരട് തീരുമാനങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതായി കാണുന്നില്ല.വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമനം. | യോഗതിയ്യതി | മിനുട്സ് വോള്യം/ പേജുകൾ | കുറിപ്പുകൾ |
|---|---|---|---|
| 1 | 07/4/2015 | 44/260-274 | ഒപ്പിട്ടിട്ടില്ല. |
| 2 | 4/5/2015 | 44/275-280 | ഒപ്പിട്ടിട്ടില്ല |
| 3 | 14/5/2015 | 44/281-283 | ഒപ്പിട്ടിട്ടില്ല |
| 4 | 8/6/2015 | 44/284-286 | ഒപ്പിട്ടിട്ടില്ല |
| 5 | 24/6/2015 | 44/287-291<br>45/03-04 | ഒപ്പിട്ടിട്ടില്ല 44ൽ292-300 ക്യാൻസൽ ചെയ്തു. |
| 6 | 23/7/2015 | 45/05-11 | ഒപ്പിട്ടു. |
| 7 | 17/8/2015 | 45/12-15 | ഒപ്പിട്ടു. |
| 8 | 26/8/2015 | 45/16-34 | ഒപ്പിട്ടിട്ടില്ല |
| 9 | 16/9/2015 | 45/35-132 | ഒപ്പിട്ടിട്ടില്ല4ൽ133-300ക്യാൻസൽചെയ്തു വോള്യം46ൽ2-13ക്യാൻസൽചെയ്തു .<br>ബാക്കി ഒന്നുംരേഖപ്പെടുത്തിയിട്ടില്ല. |
| 10 | 3/12/2015 | 47/2-4 | ഒപ്പിട്ടിട്ടില്ല |
| 11 | 21/12/2015 | 47/5-12 | ഒപ്പിട്ടിട്ടില്ല |
| 12 | 30/1/2016 | 47/13-21 | ഒപ്പിട്ടിട്ടില്ല |

| | | | |
|---|---|---|---|
| 13 | 22/2/2016 | 47/22-87 | ഒപ്പിട്ടിട്ടില്ല |
| 14 | 4/3/2016 | 47/88-89 | ഒപ്പിട്ടിട്ടില്ല.2016-17ബജറ്റ് പാസാക്കിയതായി രേഖപ്പെടുത്തിയ യോഗം. |
| 15 | 10/3/2016 | 47/90-94 | ഒപ്പിട്ടിട്ടില്ല |
| 16 | | | തുടർന്നിങ്ങോട്ട് നടന്ന ഒരു യോഗത്തിനുശേഷവും ഒപ്പി ട്ടിട്ടില്ല. |

ഓഡിറ്റ് എൻക്വയറി.നം. 15/2015-16/04.11.2016 മുഖേന അപാകതകൾ ചൂണ്ടിക്കാണിച്ചതിൽ അവ പരിഹരിച്ച് പ്രസിഡണ്ടുമാരുടെ ഒപ്പ് രേഖപ്പെടുത്തി മിനട്സ് പുസ്തകം ആധികാരികമാക്കി 08.11.2016ന്ഓഡിറ്റിന് ഹാജരാക്കി. ഗൗരവതരമായ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പഞ്ചായത്തിലെ ടാർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനായി അവശേഷിക്കുമ്പോൾ മെയിൻറനൻസ് ഗ്രാന്റ്മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ചുമതലയിലുള്ള ടാറിംഗ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് പഞ്ചായത്തിന് ലഭിച്ച മെയിൻറനൻസ് ഗ്രാൻറ് പ്രാഥമികമായും വിനിയോഗിക്കേണ്ട്. എന്നാൽ താഴെപറയും പ്രകാരം റോഡ് ടാറിംഗ്, സോളിംഗ്, നടപ്പാത കോൺക്രീറ്റ് തുടങ്ങിയ വർക്കുകൾ നടത്തിയിട്ടുണ്ട്. (ഇവ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ്. പഞ്ചായത്ത് ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി മറ്റ് വർക്കുകൾ ഉണ്ടെങ്കിൽ അവയുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.) സർക്കുലർനം.68228/എഫ്.എം.1 /2012/ത.സ്വ.ഭ.വ./28.11.2012പ്രകാരം പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള മുഴുവൻ ടാർ റോഡുകളുടെയും മെയിൻറനൻസിനു ശേഷം തുക അവശേഷിക്കുന്നുവെങ്കിൽ ആയത് സാക്ഷ്യ പ്പെടുത്തി പഞ്ചായത്തിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സോളിംഗ്, ടാറിംഗ് തുടങ്ങിയ മറ്റ് വർക്കുകൾ ചെയ്യാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള നിരവധി ടാർ റോഡുകളുടെ മെയിൻറനൻസ് അവശേഷിക്കേ ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതായി കാണുന്നു. 07/11/2016 ൽ നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്തിലെ നിരവധി റോഡുകൾ ടാറിംഗ് തകർന്ന് അറ്റകുറ്റപ്പണികൾ നടത്താതെ അവശേഷിക്കുന്നത് കണ്ടു.(ഉദാ:16-ാം മൈൽ-കുന്നേരിക്കുന്ന്-കുറുമ്പാല റോഡ്,മില്ലുമുക്ക്-അരമ്പറ്റക്കുന്ന്

റോഡ്,ഡിസ്പൻസറികവല-പാണ്ടങ്കോട്-ചെമ്പകമൂല-16-ാം മൈൽ റോഡിന്റെ വിവിധ ഭാഗങ്ങൾ). ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനങ്ങളോ മറ്റ് രേഖകളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കണമെന്നും അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നും ഓഡിറ്റ് എൻക്വയറി.നം. 16/15-16/05.11.2016 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദവിവരങ്ങൾ നല്കിയിട്ടില്ല.

നടപ്പാത കോൺക്രീറ്റ്

| ക്രമ നം | വൗച്ചർ നം, തിയ്യതി | പ്രോജക്ക്റ്റ് നമ്പർ, പ്രോജക്റ്റിൻറെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 69/23.2.16 | 153/16 ആലക്കണ്ടി നടപ്പാത കോൺക്രീറ്റിംഗ് | 200000 | 200000 |
| 2 | 59/23.2.16 | 140/16ചേര്യംകൊല്ലി പുഴക്കര റോഡ് കോൺക്രീറ്റ് | 200000 | 200000 |
| 3 | 35/13.10.15 | 133/16എടാട്ട് നടപ്പാത കോൺക്രീറ്റ് | 150000 | 150000 |
| | | ആകെ | | 550000 |

റോഡ് സോളിംഗ്

| ക്രമ നം | വൗച്ചർ നം, തിയ്യതി | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിൻറെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 88/31.3.16 | 101/16 നരിപ്പാറ നരിക്കൊല്ലി റോഡ് സോളിംഗ് | 500000 | 498489 |
| 2 | 71/25.2.16 | 123/16 പാട്ടവയൽ മാക്കുനി റോഡ് സോളിംഗ് | 200000 | 190142 |
| 3 | 157/31.3.16 | 137/16ബാങ്ക്കുന്ന് കൊറ്റുകുളം റോഡ് സോളിംഗ് | 200000 | 198391 |
| 4 | 147/31.3.16 | 142/16അമ്പലക്കണ്ടി കോളനി റോഡ് സോളിംഗ് | 150000 | 134155 |
| 5 | 96/31.3.16 | 150/16കോന്തമംഗലം ക്ഷേത്രം റോഡ് സോളിംഗ് | 300000 | 300000 |

| | | | | |
|---|---|---|---|---|
| 6 | 74/25.2.16 | 191/16കുവലത്തോട് നടപ്പാത സോളിംഗ്, കലുങ്ക് | 500000 | 396224 |
| 7 | 161/31.3.16 | 276/16 ചെന്നലോട് പള്ളിമുക്ക് പൂളംഞ്ചോലക്കുന്ന് റോഡ് സോളിംഗ് | 200000 | 200000 |
| | | ആകെ | | 1917401 |

പാർശ്വ സംരക്ഷണം

| ക്രമ നം | വൗച്ചർ നം, തിയ്യതി | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിൻറെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 76/25.2.16 | 58/16 മഞ്ചേരിപ്പടി റോഡ് സൈഡ് സംരക്ഷണം പൂർത്തീകരണം | 41897 | 24836 |
| 2 | 137/31.3.16 | 128/16ചെറുങ്ങാടി റോഡ് സൈഡ് കെട്ട് | 250000 | 237476 |
| 3 | 140/31.3.16 | 132/16പൊയിൽ നടപ്പാത സൈഡ് കെട്ട് | 200000 | 200000 |
| 4 | 94/23.3.16 | 164/16 ചുള്ളിയാണ എടത്തറ റോഡ് സൈഡ് സംരക്ഷണം | 100000 | 95965 |
| 5 | 68/23.2.16 | 165/16 മുണ്ടക്കുറ്റി എടത്തറ റോഡ് സെഡ് സംരക്ഷണം | 250000 | 247493 |
| 6 | 155/31.3.16 | 166/16 താളിപ്പാറ മുണ്ടക്കുറ്റി റോഡ് സൈഡ് സംരക്ഷണം | 500000 | 379302 |

| | | | | |
|---|---|---|---|---|
| | | ആകെ | | 1185072 |

റോഡ് ടാറിംഗ്

| ക്രമ നം | വൗച്ചർ നം, തിയ്യതി | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിൻറെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 6/30.6.15 | 55/16 മില്ലുമുക്ക് കുറുമണി റോഡ് ടാറിംഗ് | 431559 | 427673 |
| 2 | 151 /31.3.16 | 106/16 മന്നത്ത്കുന്ന് റോഡ് ടാറിംഗ് | 500000 | 500000 |
| | | ആകെ | | 927673 |

മുൻ ഓഡിറ്റ് വേളയിലും ഇത്തരം അപാകങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും അപാകതകൾ ആവർത്തിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ പ്രകാരം വകമാറ്റിച്ചെലവഴിച്ച തുക (550000+1917401+1185072+927673=) 4580146 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നടപടി ക്രമവത്കരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-3** അസി.എഞ്ചിനീയർ നടപ്പാക്കിയ കെട്ടിട നിർമ്മാണ പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച്

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പിലാച്ചേരി അംഗനവാടി കെട്ടിടം.

പ്രോജക്റ്റ് നം. - S-63/16

അടങ്കൽ - 88778/-

ചെലവ് - 88778/-

വൗച്ചർ നം. - 26/15-16/3.9.15

കരാറുകാരൻ - വിനോ എം.കെ.

എഗ്രിമെന്റ് നം. - 89എ/12-13 തീയ്യതി 3.12.2013

എം.ബുക്ക് നം. - 371/13-14

ഈ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം പഞ്ചായത്തിന്റെ പേരിലാണെന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല. കെട്ടിടത്തിന് വയറിംഗ്, പ്ളംബിംഗ്, എന്നിവ നൽകിയതായി കാണുന്നില്ല.

2. പിലാച്ചേരി അംഗനവാടി കെട്ടിടപൂർത്തീകരണം

പ്രോജക്റ്റ് നം. - S-241/16

അടങ്കൽ - 400000/-

ചെലവ് - 332711/-

വൗച്ചർ നം. - 144/15-16/31.3.16

കരാറുകാരൻ - അബൂബക്കർ സി.കെ.

എഗ്രിമെന്റ് നം. - 84/15-16 തീയ്യതി 01.9.15

എം.ബുക്ക് നം. - 412/15-16

ഈ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം പഞ്ചായത്തിന്റെ പേരിലാണെന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല. കെട്ടിടത്തിന് വയറിംഗ്, പ്ളംബിംഗ്, എന്നിവ നൽകിയതായി കാണുന്നില്ല.

2. കാപ്പിക്കളം ഐ.സി.ഡി.പി.സബ്സെന്ററിന് മുകൾനില നിർമ്മാണം.

പ്രോജക്റ്റ് നം. - S-82/16

അടങ്കൽ - 200,000/-

ചെലവ് - 168951/-

വൗച്ചർ നം. - 163/15-16/31.3.1

കരാറുകാരൻ - വിനോദ് കെ.വി..

എഗ്രിമെന്റ് നം. - 143/15-1 6തീയ്യതി 4.2.2016

എം.ബുക്ക് നം. - 525/15-16

കെട്ടിടത്തിന് വയറിംഗ്, പ്ളംബിംഗ്, എന്നിവ നൽകിയതായി കാണുന്നില്ല.

1. കാപ്പിക്കളം അംഗനവാടി മുകളിൽ ഗ്രാമകേന്ദ്രം നിർമ്മാണം.

പ്രോജക്റ്റ് നം. - S-254/16

അടങ്കൽ - 250,000/-

ചെലവ് - 245896/-

വൗച്ചർ നം. - 164/15-16/31.3.16

കരാറുകാരൻ - സെബാസ്റ്റ്യൻ ഒ.ജെ.

എഗ്രീമെന്റ് നം. - 144/15-16 തീയ്യതി 4.2.2016

എം.ബുക്ക് നം. - 531/15-16

കെട്ടിടത്തിന് വയറിംഗ്, പ്ളംബിംഗ്, എന്നിവ നൽകിയതായി കാണുന്നില്ല. ഇതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി കൈവരിക്കാൻ കഴിയിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ നൽകിയ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണം. (ജി.ഒ.(എം.എസ്.)362/13 /16.11.2013 ഉത്തരവിലെ ഖണ്ഡിക11.13.XiV (സി),(ഇ) കാണുക.)

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2015-16/05.11.2016) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക (88778+332711+168951+245896=) 836336/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 തൊഴിലാളി ക്ഷേമ നിധി വിഹിതം അടച്ചത്- കൈപ്പറ്റ് വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം അസി.എഞ്ചിനിയർ നടപ്പിലാക്കിയ വിവിധ മരാമത്ത് പണികളുടെ ബില്ലുകളിൽ നിന്നും വസൂലാക്കിയ തൊഴിലാളി ക്ഷേമ നിധി വിഹിതം ബാങ്കിൽ ഒടുക്കുകയും വർഷാവസാനം ഈ തുകകൾ ചേർത്ത് (ആകെ 333014/-രൂപ) ഡിഡി നമ്പർ 172390 പ്രകാരം കേരള സംസ്ഥാന തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അടച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിൻറെ രേഖകൾ ഫയലിൽ ഇല്ല. കൈപ്പറ്റ് രേഖകൾ ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.നം. 17/15-16 തിയ്യതി 5-11-16 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങളൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 333014/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 എസ്.എസ്.എ വിഹിതം കൈമാറിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0024/16 |
| അടങ്കൽ | 4,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 4,00,000/-രൂപ, (ബിൽ നം. 3/15-16/27.1.16) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ, 16.11.2013) ഖണ്ഡിക 6.1(viii) അനുസരിച്ച് എസ്.എസ്.എ വിഹിതം കൈമാറുന്നതിന് മുമ്പ് മുൻവർഷം നൽകിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. മുൻവർഷം നൽകിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 4,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഹാജരാക്കണം .

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഹാജരാക്കണം .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0012/16 |
| അടങ്കൽ | 25,00,000/-രൂപ (625000/- ധനകാര്യ കമ്മീഷൻ ഫണ്ട്, 625000/- സംസ്ഥാന വിഹിതം, 1250000/-ഗുണഭോക്തൃ വിഹിതം) |
| ചെലവ് (ധനകാര്യ കമ്മീഷൻ ഫണ്ട്) | 625000/-രൂപ, ബിൽ നമ്പർ : 04/2015-16, തിയതി 31.03.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രോജക്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 625000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 ചെലവഴിക്കാത്ത തുക ഹെഡ്മാസ്റ്റർ യഥാസമയം തിരിച്ചടച്ചില്ല

ക്യാഷ് ബുക്ക് അനുസരിച്ച് 6600/-രൂപ ക്യാഷ് ബാലൻസ് കയ്യിരിപ്പുണ്ട്. വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പിൻവലിച്ച തുകയിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ മുഹമ്മദ് ഇർഫാൻ ടി. എന്ന വിദ്യാർത്ഥിക്ക് നൽകാതെ തടഞ്ഞുവച്ച തുകയാണ് ഇത് എന്നാണ് ഓഡിറ്റിൽ വിശദീകരച്ചിട്ടുള്ളത് (ബിൽ നമ്പർ

5/15-16 പ്രകാരം പിൻവലിച്ചത്). ഇതിന് പുറമേ ഹെഡ്മാസ്റ്ററുടെ പേരിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി കനറാ ബാങ്കിന്റെ പടിഞ്ഞാറത്തറ ശാഖയിൽ ഒരു അക്കൌണ്ട് (A/C No. 0355101016247) ഉണ്ട് (ഈ ബാങ്ക് അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്). ഈ അക്കൌണ്ടിന്റെ 01.11.2016 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം പ്രസ്തുത തീയതിയിൽ 30903/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് കാലാകാലങ്ങളിലായി അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പലിശ വരവുകളാണെന്നാണ് ഓഡിറ്റിൽ വിശദീകരച്ചിട്ടുള്ളത്.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ തുകകൾ ട്രഷറിയിൽ നിശ്ചിത ഹെഡിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-8 എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം - വകയിരുത്തിയതിൽ കൂടുതൽ ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0024/16 |
| അടങ്കൽ | 4,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 522890/-രൂപ, (143038/- ബിൽ നമ്പർ : 01/2015-16 തിയതി 30.09.2015, 171463/- ബിൽ നമ്പർ : 02/2015-16 തിയതി 27.01.2016, 85499/- ബിൽ നമ്പർ : 02/2015-16 തിയതി 24.02.2016, 122890/- ചെക്ക് നമ്പർ 4370561/23.03.2016 ) |
| നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രോജക്ടിന്റെ അടങ്കൽ 4,00,000/-രൂപയാണ് എന്നാൽ ആകെ ചെലവ് 522890/- രൂപയാണ്. മേൽ പറഞ്ഞ ചെലവുകളിൽ 96112/- രൂപ രണ്ട് ഹൈസ്കൂളുകളിലെ (GHSS പടിഞ്ഞാറത്തറ, HSS കുറുമ്പാല) എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയതിന്റെ ചെലവാണ്. കേരള പഞ്ചായത്ത് രാജ്

നിയമം 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരമുള്ള മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഹൈസ്കൂളുകളുടെ നടത്തിപ്പ് പെടുന്നില്ല.

അടങ്കലിൽ അധികരിച്ച ചെലവിനം, ചുമതലയിൽപെടാത്ത ചെലവിനം അധിക വിവരം നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 03.11.2016-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/2015-16 മറുപടി ലഭ്യമാക്കിയിട്ടില്ല. അടങ്കലിൽ അധികരിച്ച ചെലവ് 122890/-രൂപ തടസ്സത്തിൽവെയ്ക്കുന്നു.

## 3-9 ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ

അസി. സെക്രട്ടറി തൻവർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിദ്യാർത്ഥികൾക്ക് മേശ, കസേര, സൈക്കിൾ, ബാഗ്, കുട, ബുക്ക്, ബോക്സ് എന്നിവ ടെണ്ടർ നടപടി കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിനൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ / ഫണ്ടിനം | ചെലവ് | ബിൽ നം./തീയ്യതി |
|---|---|---|---|---|---|
| 1 | എസ്. 0238/16 | വിദ്യാർത്ഥികൾക്ക് സൈക്കിൾ | 1,00,000/-(വികസന ഫണ്ട് [എസ്.സി.പി.]) | 65000/- | 02/15-16, 27.03.2016 |
| 2 | എസ്. 0227/16 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 1,60,000/-(വികസന ഫണ്ട് [എസ്.സി.പി.]) | 160000/- | 03/15-16, 28.03.2016 |
| 3 | എസ്. 0244/16 | എസ്.ടി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 1,60,000/-(വികസന ഫണ്ട് [ടി.എസ്.പി.]) | 160000/- | 05/15-16, 28.03.2016 |
| 4 | എസ്. 0266/16 | എസ്.ടി. വിദ്യാർത്ഥികൾക്ക് ബാഗും, കുടയും, സ്റ്റേഷനറി, നോട്ട് ബുക്ക് | 2,00,000/-(വികസന ഫണ്ട് [ടി.എസ്.പി.]) | 199710/- | 04/15-16, 28.03.2016 |
| | | | ആകെ | 584710/- | |

വാങ്ങലുകളുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1) ക്രമ നമ്പർ ഒന്നിലെ പ്രോജക്ട് പ്രകാരം ഹീറോ കമ്പനിയുടെ 13 സൈക്കിളുകൾ വാങ്ങി 10-ാം തരത്തിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് (GHSS പടിഞ്ഞാറത്തറ) നൽകുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ

സൈക്കിൾ കൈപ്പറ്റിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഹീറോ കമ്പനിയുടെ സൈക്കിളുകൾ ടെണ്ടർ നടപടി കൂടാതെയാണ് സിഡ്കോയിൽ നിന്നും വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ക്രമ നമ്പർ 2, 3 എന്നീ പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്നും 40വീതം സ്റ്റീൽ മേശകളും 40വീതം ഫൈബർ കസേരകളുമാണ് വാങ്ങിയിട്ടുള്ളത്. സ്റ്റീൽ മേശകൾ ടെണ്ടർ നടപടി കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട് . എന്നാൽ ഫൈബർ കസേരകൾ ടെണ്ടർ നടപടി കൂടാതെയാണ് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫർണിച്ചർ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്ന 8.11.2010 -ലെ ജി.ഒ. (പി) 259/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3) 4-ാമത്തെ പ്രോജക്ട് പ്രകാരം 220 സ്കൂൾ ബാഗുകൾ 460.95/- രൂപ നിരക്കിലും, 220 കുടകൾ 231/- രൂപ നിരക്കിലും, 1820 നോട്ട് ബുക്കുകൾ 25.2/- രൂപ നിരക്കിലും, 220 ഇൻസ്ട്രുമെന്റ് ബോക്സുകൾ 101.85/- രൂപ നിരക്കിലുമാണ് ( വാറ്റ് സഹിതമുള്ള നിരക്കാണ് ചേർത്തിരിക്കുന്നു) വാങ്ങിയിട്ടുള്ളത്. എന്നാൽ 221 സ്കൂൾ ബാഗുകളും, 212 കുടകളും , 876 നോട്ട് ബുക്കുകളും 215 ഇൻസ്ട്രുമെന്റ് ബോക്സുകളും വിതരണം ചെയ്തതിന്റെ രേഖകളാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ സാധനങ്ങൾ ടെണ്ടർ നടപടി കൂടാതെയാണ് സിഡ്കോയിൽ നിന്നും വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 07.11.2016-ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം . 20/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. 4-ാമത്തെ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത കുടകൾ, നോട്ട് ബുക്ക്, ബോക്സ് എന്നിവയിൽ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കാത്തതിന്റെ ആകെ ചെലവ് തുക 26146/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം | ബാക്കി | വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിന്റെ തുക |
|---|---|---|---|---|
| കുട | 220 | 212 | 8 | 1848/- (231 X 8) |
| നോട്ട് ബുക്ക് | 1820 | 876 | 944 | 23788.8/- (25.2 X 944) |
| ഇൻസ്ട്രുമെന്റ് ബോക്സ് | 220 | 215 | 5 | 509.25/- (101.85 X 5) |
| | | | ആകെ | 26146/- |

26146 /- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ആകെ ചെലവ് തുകയിൽ നടപടി ക്രമങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലുകളുടെ തുകയായാ 277414/- രൂപ (65000 + 19425(കസേര) + 19425(കസേര) + 173564 [199710 - 26146]) ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു.

## 3-10 വെറ്ററിനറി സർജന്റെ ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്

വെറ്ററിനറി സർജൻ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ പ്രത്യേകം ടി.ആർ. 7(എ) ക്യാഷ് ബുക്കുകളിലാണ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. 12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഒരു ടി.ആർ. 7(എ) ക്യാഷ് ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതെന്ന് പല പ്രാവശ്യം ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നിലവിലും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. വെറ്ററിനറി സർജന്റെ പേരിൽ ഗ്രാമപഞ്ചായത്തിന്റെ പ്ളാൻ നിർവ്വഹണത്തിനായി കനറാ ബാങ്കിന്റെ പടിഞ്ഞാറത്തറ ശാഖയിൽ ഒരു അക്കൌണ്ട് (A/C No. 0355101016254) ഉണ്ട് (ബാങ്ക് അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്). ഈ അക്കൌണ്ടിന്റെ 24.08.2016 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം പ്രസ്തുത തീയതിയിൽ 2,87,795/-രൂപ നീക്കിയിരിപ്പുണ്ട്. ക്യാഷ് ബുക്ക് പ്രകാരം അന്നേ ദിവസം തുകയൊന്നും നീക്കിയിരിപ്പില്ല. ക്യാഷ് ബുക്കിൽ ബാങ്ക് റിക്കൺസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ അധികമായുള്ള നീക്കിയിരിപ്പ് തുക എന്താണെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശതിത്തിനനുസരിച്ച് 2016-17 വർഷം മുതൽ ക്യാഷ് ബക്ക് സൂക്ഷിച്ചുകൊള്ളാം എന്നും ബാങ്കിൽ നീക്കിയിരിപ്പുള്ള തുക ഏതാണെന്ന് പരിശോധന നടത്തി കണ്ടെത്തി, ചെലവഴിക്കേണ്ട തുക ചെലവഴിക്കുകയും ബാക്കി തുക തിരിച്ചടച്ചുകൊള്ളാം എന്നും 02.11.2016- ലെ 04/2015-16 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

നടപടികൾ കൈകൊണ്ട് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ / ഫണ്ടിനം | ചെലവ് | ബിൽ നം./ചെക്ക് നം. ,തീയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | എസ്. 0111/16 | മാക്കോട്ട്കുന്ന് എസ്.സി. കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ | 50,000/-(വികസന ഫണ്ട് [എസ്.സി.പി.]) | 47979/- | 37/15-16, 29.03.2016 |
| 2 | എസ്. 0075/16 | എസ്.സി. കമ്മ്യൂണിറ്റി ഹാൾ (കൊറ്റിയോട്ട്കുന്ന്) മേശയും കസേരയും | 15225/-(വികസന ഫണ്ട് [എസ്.സി.പി.]) | 14822/- | 33/15-16, 23.03.2016 |
| 3 | എസ്. 0076/16 | പഞ്ചായത്ത് മിനി കോൺഫ്രൻസ് ഹാളിനും ഗ്രാമ കേന്ദ്രത്തിനും ഫർണിച്ചർ | 1,00,000/-(ലോക ബാങ്ക് ധന സഹായം) | 99530/- | 21/15-16, 20.01.2016 |
| 4 | എസ്. 0007/16 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 1,50,000/-(തനത് ഫണ്ട്) | 70350/- | 4370562 /29.03.2016 |
| 5 | എസ്. 0292/16 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ | 1,95,000/-(തനത് ഫണ്ട്) | 174361/- | 4120356 /17.03.2016 |
| 6 | എസ്. 0262/16 | കൊറ്റിയോട്ട്കുന്ന് എസ്.സി. ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ | 50,000/-(വികസന ഫണ്ട്) | 48122/- | 32/15-16, 23.03.2016 |
| 7 | എസ്. 0020/16 | സ്കൂൾ ലൈബ്രറിയിലേക്ക് റാക്കും പുസ്തകങ്ങളും | 1,00,000/-(വികസന ഫണ്ട്) | 40000/- (സ്റ്റീൽ റാക്ക് വാങ്ങിയതിന്റെ ചെലവ്) | 09/15-16, 28.03.2016 |
| 8 | എസ്. 0021/16 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 3,00,000/-(സംരക്ഷണ ഗ്രാന്റ് റോഡിതരം) | 295470/- | 10/15-16, 28.03.2016 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 9 | എസ്. 0068/16 | ലോക ബാങ്ക് ധനസഹായം | 30000 | 30000 | 01/15-16, 31.07.2015 |
| | | | ആകെ | 820634/- | |

ക്രമ നമ്പർ 1 മുതൽ 6 വരെ സെക്രട്ടറിയും 7,8 ഹെഡ്മാസ്റ്ററും 9 വെറ്ററിനറി സർജനുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാങ്ങലുകളുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1) ക്രമ നമ്പർ ഒന്നിലെ പ്രോജക്ട് പ്രകാരം 1- സ്റ്റീൽ ക്യാബിനറ്റ്, 1സ്റ്റീൽ ടേബിൾ, 50 ഫൈബർ ആം കസേര (@584 = 29200) എന്നിവ ടെണ്ടർ നടപടി കൂടാതെയാണ് സിഡ്കോയിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഫൈബർ കസേരകൾ ടെണ്ടർ നടപടി കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാങ്ങിയ സാധനങ്ങൾ പലതും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിന് ഇൻഡക്സ് നൽകി ഇനം തിരിച്ച് സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല. ആസ്തി (മൂവബ്ൾ അസറ്റ്സ്) രജിസ്റ്ററിലും ചേർത്തിട്ടില്ല. അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 58(4)(ബി) അനുസരിച്ച് വർഷാവസാനം സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

3) ക്രമ നമ്പർ 7 മുതൽ 9 വരെയുള്ളവയുടെ വാങ്ങൽ നടപടികൾ വാങ്ങൽ കമ്മിറ്റി അംഗീകരിച്ചതായി കമ്മിറ്റിയുടെ മിനിട്ടസ് ബുക്ക് പരിശോധിച്ചതിൽ കാണുന്നില്ല.

4) ഫർണിച്ചർ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്ന 8.11.2010 -ലെ ജി.ഒ. (പി) 259/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

5) 24.09.2010 -ലെ സർക്കാർ സർക്കുലർ നം. 86/2010/ഫിൻ അനുസരിച്ച് കമ്പ്യൂട്ടർ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കാത്തതിനാൽ തൻവർഷത്തെ മേൽ പറഞ്ഞിരിക്കുന്ന വാങ്ങലുകളുടെ ആകെ ചെലവ് തുക 820634/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | തൻ വർഷം സംയുക്ത പ്രൊജക്ടുകളില്ല. | | | |

തൻവർഷം സംയുക്ത പ്രൊജക്ടുകളില്ല എങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്നും പ്രഭാത ഭക്ഷണത്തിനായി 409080/- രൂപ ലഭിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 .(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന വായ്പ | ജി.ഒ. (എം.എസ് ) 222/2010/തസ്വഭവ, തീയതി. 21/01/2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105700240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96214847 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26146 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7662420 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 26146 | ഷീൻ തോമസ്, അസി.സെക്രട്ടറി |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല.

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4580146 | മുനവർ.കെ., അസി. എഞ്ചിനീയർ |
| 3-3 | 836336 | മുനവർ.കെ., അസി. എഞ്ചിനീയർ |
| 3-5 | 400000 | സബിത.എച്ച്.ബി, ഹെഡ്മാസ്റ്റർ(റിട്ട) |
| 3-6 | 625000 | ഡോ.എം.കെ.ജയകൃഷ്ണൻ, വെറ്ററിനറി സർജ്ജൻ |
| 3-8 | 122890 | സബിത.എച്ച്.ബി., ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 3-9 | 277414 | ഷീൻ തോമസ്, അസി.സെക്രട്ടറി |
| 3-11 | 820634 | അനിൽ രാമകൃഷ്ൺൻ, സെക്രട്ടറി |
| ആകെ | 7662420 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 333014/- |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷീൻ തോമസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് | പരിയാരം കുന്ന് മാനന്തവാടി.പി.ഒ |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |

| | |
|---|---|
| 1999-00 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |
| 2001-02പ്ലാൻ | എൽ.എഫ്.ഡബ്ല്യൂ. പി.1-1077/08 തീ. 6/11/08 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ. പി.7-309/09 തീ. 12/2/08 |
| 2003-04 | എൽ.എഫ്.ഡബ്ല്യൂ. പി.7-127/08 തീ. 4/3/08 |
| 2004-05 | എൽ.എഫ്.ഡബ്ല്യൂ. പി.7-145/08 തീ.3/4/09 |
| 2005-06 | എൽ.എഫ്.ഡബ്ല്യൂ. പി.7- 144/08 തീ 3 /4/08 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ. പി.1-782/09 തീ. 8/11/09 |
| 2007-08 | എൽ.എഫ്.ഡബ്ല്യൂ. പി.4-771/08 തീ. 8/4/08 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ. പി.1-70/11 തീ. 5/5/11 |
| 2009/10 | എൽ.എഫ്.ഡബ്ല്യൂ. പി.1-70/11 തീ. 5/5/11 |
| 2010-11 | എൽ.എഫ്.ഡബ്ല്യൂ. പി.1-9/13 തീ. 15/3/13 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ. പി.1-257/14 തീ. 7/7/14 |
| 2012-13 | എൽ.എഫ്.ഡബ്ല്യൂ. പി.2-227/14 തീ. 10/2/15 |
| 2013-14 | എൽ.എഫ്.ഡബ്ല്യൂ. പി.2-134/16 തീ. 10/2/15 |
| 2014-15 | എൽ.എഫ്.ഡബ്ല്യൂ. പി.2-431/16 തീ. 12/7/16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2-864/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്,
കൽപ്പറ്റ. പിൻ -673121

തിയ്യതി : 22/12/2016

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P2/864/2016.

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.22.12.2016

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Padinjarathara Grama Panchayath in Wayanad District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Padinjarathara Gramapanchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District office, Wayanad.